# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

പഞ്ചായത്ത് രാജ് നിയമങ്ങളിൽ ഭേദഗതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5306      23.05.17- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>ശ്രീ.എൽ ദോസ് കുന്നപ്പിള്ളി | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിലവിലുള്ള പഞ്ചായത്ത് രാജ് നിയമങ്ങൾ പ്രകാരം പഞ്ചായത്തിലെ വീടുകളുടെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിനുള്ള സേവനത്തിന് മിനിമം എത്ര ദിവസങ്ങളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടത്തിൽ ചട്ടം 23 എ(1) പ്രകാരം ഉടമസ്ഥാവകാശം പൂർണ്ണമായും കൈമാറ്റം ചെയ്യുന്നതിനും രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനും ഇരുകക്ഷികളും അപേക്ഷ ബോധിപ്പിക്കുകയും അതിലൊരു കക്ഷി രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥനായിരിക്കുകയും ചെയ്യുന്ന പക്ഷം സെക്രട്ടറി രജിസ്റ്റർ പരിശോധിച്ച് കഴിയുന്നത്രവേഗം അതിൽ കൈമാറ്റം രേഖപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | വസ്തു കൈമാറ്റം സംബന്ധിച്ച രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷവും കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം പഞ്ചായത്തു രജിസ്റ്ററുകളിൽ മാറ്റം വരുത്തുന്നതിന് നിലവിലുള്ള പഞ്ചായത്ത് രാജ് നിയമ പ്രകാരം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ പുതുക്കിയ രജിസ്ട്രേഷൻ നിയമ പ്രകാരം വസ്തു കൈമാറ്റം ചെയ്യുമ്പോൾ വ്യക്തികളുടെ ഫോട്ടോ, പാൻകാർഡ് നമ്പർ, വോട്ടർ ഐ.ഡി. നമ്പർ, ആധാർ കാർഡ് നമ്പർ എന്നിവ രേഖപ്പെടുത്തുന്നതിനാൽ പഞ്ചായത്ത് രേഖകളിൽ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് പരിഗണിക്കുമോ; | (സി) & (ഡി) | ഇക്കാര്യം പരിശോധിയ്ക്കുന്നതാണ്. |
| (ഡി) | പഞ്ചായത്ത് രാജ് നിയമങ്ങളിൽ ഇതു സംബന്ധിച്ച ഭേദഗതികൾ വരുത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നത് പരിഗണിക്കുമോ ? | | |

സെക്ഷൻ ഓഫീസർ